"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം LSGD-DB1/554/2018-LSGD

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,തീയതി: 18/02/2019

സർക്കുലർ

വിഷയം: ത.സ്വ.ഭ.വ -ലൈഫ് പദ്ധതി -നിലം നികത്തി വീട് വയ്ക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന: 1. പഞ്ചായത്ത് ഡയറക്ടറുടെ23-11-2018 തീയതിയിലെ പി.എ.എൻ /23922/2018-ജെ2(ഡി.പി) നമ്പർ കത്ത്.

***********************

നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം നിലം നികത്തി വീട് വയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ കാര്യത്തിൽ, പ്രത്യേകമായി പരിഗണന നൽകി പരിശോധിക്കാനും എത്രയും പെട്ടെന്ന് തീരുമാനമെടുത്ത് മാനദണ്ഡങ്ങൾ പ്രകാരം അനുമതി നൽകാനും ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു. നിലവിലുള്ള കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂരേഖകളിൽ നിലം , പാടം , നെൽവയൽ , തണ്ണീർത്തടം,വെറ്റ് ലാൻഡ് തുടങ്ങിയ തത്തുല്യ പദങ്ങളാൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനായി റവന്യൂഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. എന്നാൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി കെട്ടിടനിർമ്മാണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിധേയമായി ചുവടെ പ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വീട് നിർമ്മിക്കുന്നതിനുള്ള ലൈഫ് ഗുണഭോക്താക്കളുടെ പ്രത്യേക ക്യാമ്പ് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ് .

2. ആവശ്യമുള്ളപക്ഷം പഞ്ചായത്ത് തലത്തിലുള്ള ലോക്കൽ ലെവൽ മോണിറ്ററിംഗ് സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതും സമിതിയുടെ ശുപാർശ പ്രകാരം അനുബന്ധരേഖകൾ സഹിതം പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് ജില്ലാതല

അതോറിറ്റിയുടെ അനുമതിയ്ക്ക് സമർപ്പിക്കേണ്ടതുമാണ് .

3. ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷയിന്മേൽ ജില്ലാ തലത്തിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ് .

4. ജില്ലാതല അതോറിറ്റിയുടെ അനുമതി ലഭ്യമാകുന്ന സംഗതികളിൽ പഞ്ചായത്ത് തലത്തിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.